നം - എൻ2/21836/2014/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 05/11/2014
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം -2014-15 - അർഹത നേടിയ കുട്ടികളുടെ തുക വിതരണം - ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) - സംബന്ധിച്ച്.

സൂചന :- 1. Govt. of India F.No.12/1/2014/-SS dtd.26/02/2014
2. Govt. of India F.No.12/2/2014/-SS dtd.11/07/2014
3. Govt. of India .No.11/16/2014/-SS dtd.30/09/2014
4. Note Order of even No. dated.24/10/2014

**2014-15** ലെ ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീമനുസരിച്ചുള്ള തുക, അർഹത നേടിയ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലൂടെ "ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ"(DBT) മുഖേന വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നടപ്പുവർഷം **റിന്യൂവൽ** വിഭാഗത്തിൽ ഹാജരാക്കപ്പെട്ട അപേക്ഷകളിൽ രേഖപ്പെടുത്തിയ തെറ്റായ ബാങ്ക് അക്കൗണ്ട് നമ്പരടക്കമുള്ള വിവരങ്ങളും, **ഫ്രഷ്** വിഭാഗത്തിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചേർക്കാതെ അർഹത നേടിയവരും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. DBT നടപ്പിലാക്കുന്നതിനാൽ, കൃത്യമായ Bank Account Number, IFSC Code, Name of Bank എന്നിവ ലഭ്യമാക്കിയാൽ മാത്രമേ സ്കോളർഷിപ്പ് തുക ലഭിക്കുകയുള്ളു.

ആയതിനാൽ 2014-15 ലെ ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീമനുസരിച്ച്, തുകയ്ക്കു അർഹരായ എല്ലാ **വിദ്യാർത്ഥികളും, രക്ഷകർത്താക്കളും**, ബന്ധപ്പെട്ട **സ്കൂളധികാരികളും** ലിസ്റ്റ് പരിശോധിച്ച്, ബാങ്ക് വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ കണ്ടെത്തുകയാണെങ്കിൽ, ശരിയായ വിവരങ്ങൾ (ബാങ്ക് പാസ്സ് ബുക്കിന്റെ ഫോട്ടോകോപ്പി) ഹാജരാക്കി, ആയത് ബന്ധപ്പെട്ട സ്കൂളധികാരി ക്രമീകരിച്ചിട്ടുണ്ടെന്നു എല്ലാ രക്ഷകർത്താക്കളും ഉറപ്പാക്കേണ്ടതാണ്. അർഹരായ വിദ്യാർത്ഥികളുടെ ബാങ്ക് വിവരങ്ങൾ മാത്രമാണ് സ്വീകരിക്കേണ്ടതും, ക്രമപ്പെടുത്തേണ്ടതും. ഫ്രഷ് വിഭാഗത്തിൽ അർഹതനേടിയവരും ബാങ്ക് അക്കൗണ്ട് തുടങ്ങാത്തവരുമായ കുട്ടികൾ, ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ടി വിവരങ്ങൾ സ്കൂളധികാരി മുഖേന വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്.

**www.scholarship.itschool.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന അർഹരായ കുട്ടികളുടെ ഫ്രഷ്, റിന്യൂവൽ ലിസ്റ്റുകൾ വെവ്വേറെ പരിശോധിച്ച ശേഷം ശരിയായ ബാങ്ക് വിവരങ്ങൾ ക്രമീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

## സ്കൂളധികാരികൾക്കുള്ള നിർദ്ദേശങ്ങൾ:-

1. അർഹത നേടിയവരുടെ ലിസ്റ്റ്, Renewal, Fresh എന്നീ വിഭാഗങ്ങളിലായി DEO/AEO/School തലത്തിൽ വേർതിരിച്ച് ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.
2. അപേക്ഷകൾ Log in ചെയ്യുന്നതിന് ഉപയോഗിച്ച **Password, Username** എന്നിവ ഉപയോഗിച്ച് വെബ്സൈറ്റ് ഓപ്പൺ ചെയ്ത ശേഷം **Reports** ⟹ **Beneficiary list** ⟹ **Incomewise consolidated Fresh/Renewal** ⟹ **Edit** എന്നീ ബട്ടണുകൾ ക്ലിക് ചെയ്ത ശേഷം Bank Account Number, IFSC Code, Name of Bank എന്നിവ ശരിയായി ക്രമപ്പെടുത്തേണ്ടതാണ്.

3. ഫ്രഷ് വിഭാഗത്തിൽ സ്കോളർഷിപ്പിനു അർഹത നേടിയവരും, ഇതുവരെയും ബാങ്ക് അക്കൗണ്ട് തുടങ്ങാത്തവരുമായ കുട്ടികൾ, വളരെ അടിയന്തിരമായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, വിവരങ്ങൾ സ്കൂളധികാരി മുമ്പാകെ ഹാജരാക്കി ബാങ്ക് വിവരങ്ങൾ ക്രമീകരിക്കേണ്ടതാണ്.
4. ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്ക് സ്കോളർഷിപ്പ് തുക ലഭിക്കുന്നതല്ല.
5. **31/12/2014** നുള്ളിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.
6. മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവൃത്തികളിൽ വീഴ്ച വരുത്തുന്ന സ്കൂളധികാരികളുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

**വിശ്വസ്തതയോടെ**

DIRECTORATE OF PUBLIC INSTRUCTION
THIRUVANANTHAPURAM - 14

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**(ഇൻചാർജ്ജ്)**

പകർപ്പ് :-

1. എല്ലാ സ്കൂളധികാരികൾക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും